**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നമ്പർ :2943**

**18/08/2017 ൽ**
**മറുപടിയ്ക്ക്**

**കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി**

**ചോദ്യം**
**ശ്രീ. സി.എഫ്.തോമസ്**
**ശ്രീ.പി.ജെ.ജോസഫ്**
**ഡോ.എൻ.ജയരാജ്**

**ഉത്തരം**
**ശ്രീമതി.മെഴ്സിക്കുട്ടി അമ്മ**
**(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ ; | (എ) | കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 4250 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി വ്യാപിപ്പിക്കാൻ ലക്ഷ്യമിട്ടിരുന്നു. ഇതിൽ ന്യൂ ഗാർഡൻ സ്കീമിൽ 2000 ഹെക്ടർ (4 ലക്ഷം ഗ്രാഫ്റ്റ്), പൊതുമേഖലയിലും മറ്റും തരിശ്ശായി കിടക്കുന്ന ഭൂമിയിൽ കശുമാവ് കൃഷി വ്യാപനത്തിനായി 1000 ഹെക്ടർ (2 ലക്ഷം തൈകൾ), 'മുറ്റത്തൊരു കശുമാവ്' കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതി എന്നിവ വഴി സ്കൂളുകളുടേയും കോളേജുകളുടേയും സ്ഥലങ്ങൾ ഉൾപ്പെടുത്തി 1250 ഹെക്ടർ (2.5 ലക്ഷം തൈകൾ) എന്നിവ വിതരണം ചെയ്തു വരുന്നു. കേരളത്തിൽ പ്ലാന്റേഷൻ അടിസ്ഥാനത്തിൽ കൃഷി വ്യാപിപ്പിക്കുന്നതും സർക്കാരിന്റെ പരിഗണനയിലാണ്. എസ്റ്റേറ്റ് അടിസ്ഥാനത്തിൽ കശുമാവ് കൃഷി വ്യാപിപ്പിക്കുന്ന കാര്യം ഇതിനകം തന്നെ അസോസിയേഷൻ ഓഫ് പ്ലാന്റേഴ്സ് കേരള (എ.പി.കെ)യുമായി ചർച്ച നടത്തിയിട്ടുണ്ട്. അവരിൽ നിന്നും പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് സംസ്ഥാന കശുമാവ് കൃഷി ഏജൻസിയുമായി ചേർന്ന് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.<br>സംസ്ഥാന കശുമാവ് കൃഷി ഏജൻസി നിലമൊരുക്കുന്നതിന് സാമ്പത്തിക സഹായവും സൗജന്യമായി കശുമാവ് ചെടിയും അവ |

| | | | |
|---|---|---|---|
| | | | പരിപാലിക്കുന്നതിന് സാമ്പത്തിക സഹായവും നൽകി വരുന്നു.<br>കശുവണ്ടി വികസന കോർപ്പറേഷൻ അവരുടെ വിവിധ ഫാക്ടറികളിലും മറ്റ് തരിശു ഭൂമികളിലും കശുമാവ് കൃഷി ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. കോർപ്പറേഷന്റെ നഴ്സറിയിൽ ഉല്പാദിപ്പിക്കുന്ന അത്യുല്പാദന ശേഷിയുള്ള കശുമാവ് തൈകൾ സൗജന്യ നിരക്കിൽ വിതരണം ചെയ്തു വരുന്നുണ്ട്.<br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ കൃഷി,വനം, പട്ടികജാതി പട്ടികവർഗ്ഗക്ഷേമം, റവന്യൂ എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട് കശുമാവ് കൃഷി വിപുലമായി നടത്തുന്ന കാര്യം പരിഗണനയിലാണ്. |
| (ബി) | കശുമാങ്ങ, കശുവണ്ടി എന്നിവയിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള പഠനം നടത്തുന്നതിനും കർഷകർക്കുള്ള പരിശീലനം നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ? | (ബി) | തൃശ്ശൂർ മണ്ണുത്തിയിലെ കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള കാഷ്യു റിസർച്ച് സ്റ്റേഷനിൽ കശുമാങ്ങയിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങളായ ജാം,അച്ചാർ,സിറപ്പ്, ചോക്ലേറ്റ് തുടങ്ങിയവ ഉല്പാദിപ്പിക്കുന്നുണ്ട്. ഇതിൽ താല്പര്യമുള്ളവർക്ക് ഇവ ഉല്പാദിപ്പിക്കുന്നതിനുള്ള പരിശീലനവും കാഷ്യൂ റിസർച്ച് സ്റ്റേഷനിൽ നിന്നും ലഭിക്കുന്നുണ്ട്. ഇതിനായി കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി സ്പോൺസർ ചെയ്യുന്നവരുടെ ചെലവ് കശുമാവ് കൃഷി വികസന ഏജൻസി തന്നെയാണ് വഹിക്കുന്നത്. കൂടാതെ കശുമാങ്ങയിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കാനുള്ള സംയുക്ത സംരംഭം കശുമാവ് കൃഷി വികസന ഏജൻസിയുടേയും കശുവണ്ടി വികസന കോർപ്പറേഷന്റേയും പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ